പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1506 05-02-2019-ലെ മറുപടിയ്ക്ക്

## കർഷക ആത്മഹത്യ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.അനിൽ അക്കര<br>ശ്രീ.പി.ടി. തോമസ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| **(എ)** | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷക ആത്മഹത്യ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെ; വ്യക്തമാക്കാമോ; | **(എ)** | ഇല്ല. |
| **(ബി)** | കടക്കെണിമൂലം കർഷകർ ആത്മഹത്യ ചെയ്യുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | **(ബി)** | എല്ലാത്തരം കാർഷിക കടങ്ങൾക്കും വിദ്യാഭ്യാസ വായ്പകൾക്കും 2018 ജൂലൈ 31 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചു. പ്രളയ ബാധിത ജില്ലകളിലെ കർഷകരുടെ കാർഷിക വായ്പകൾ ഓവർ ഡ്യൂ ആയിട്ടില്ലെങ്കിൽ പുന:ക്രമീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br>കാർഷിക ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനായി കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന എല്ലാ ജില്ലകളിൽ നിന്നും 25.30 രൂപ നിരക്കിൽ നെല്ല് സംഭരിച്ചു വരുന്നു. പച്ചക്കറി കൃഷിക്കാരെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുന്നതിനായി ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നീ ഏജൻസികൾ വഴി കർഷകരിൽ നിന്നും പച്ചക്കറികൾ നേരിട്ട് സംഭരിക്കുകയും 6 കാർഷിക മൊത്ത വ്യാപാര വിപണികളും കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വിൽക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുകയും നാളികേര കർഷകരെ വിലയിടിവിൽ നിന്നും രക്ഷിക്കുന്നതിനായി കേരഫെഡ് മുഖേന പച്ചത്തേങ്ങ സംഭരിച്ചു വരുകയും ചെയ്യുന്നു.<br>60 വയസ്സ് പൂർത്തിയായ ചെറുകിടനാമമാത്ര കർഷകർക്ക് പദ്ധതി നിബന്ധനകൾ അനുസരിച്ച് പ്രതിമാസം 1100/- രൂപ നിരക്കിൽ കർഷക പെൻഷൻ നൽകി വരുന്നു.<br>പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശം |

| | | | |
|---|---|---|---|
| | | | സംഭവിക്കുന്നതിന് കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽ ആനുകൂല്യം നൽകുകയും, കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുകയും ചെയ്തു വരുന്നു.<br>കർഷകർക്ക് കാർഷിക വായ്പകൾ സുഗമമായി ലഭിക്കുന്നതിന് കിസാൻ ക്രഡിറ്റ് കാർഡ് നൽകി വരുന്നു. ഒരു തവണ വായ്പയെടുക്കുന്ന കർഷകർക്ക്, കൃത്യമായി തിരിച്ചടയ്ക്കുകയാണെങ്കിൽ മറ്റു രേഖകളൊന്നും ഹാജരാക്കാതെ തന്നെ വീണ്ടും വായ്പ എടുക്കാവുന്നതാണ്.<br>കേന്ദ്ര സർക്കാരിന്റെ ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതിയിൽ കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് 3 ലക്ഷം രൂപ വരെയുള്ള വായ്പയിന്മേൽ 3% ഇളവ് നൽകുകവഴി കാർഷിക വായ്പകളിന്മേൽ മൊത്തം 4% പലിശ മാത്രം ഈടാക്കുന്നു.<br>ജസ്റ്റിസ് ശശിധരൻ നമ്പ്യാർ ചെയർമാനായി പുതിയ കടാശ്വാസ കമ്മീഷൻ രൂപീകരിക്കുകയും അപേക്ഷ നൽകുന്നതിന് സമയം 2019 ഫെബ്രുവരി 28 വരെ അനുവദിക്കുകയും ചെയ്തു. |
| (സി) | പ്രസ്തുത നടപടികൾ കർഷകരുടെ പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന് പര്യാപ്തമായിരുന്നുവോ; | (സി) | ആണ്. |
| (ഡി) | ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബത്തിനെ സഹായിക്കാൻ എന്തൊക്കെ ആശ്വാസ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യാത്ത സാഹചര്യത്തിൽ ടി വിഷയം പരിഗണിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**